മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഏതായാലും ഈ കാര്യത്തിൽ എനിക്ക് പറയുവാനുള്ളത് ഒരു സമുദായത്തിൽപ്പെട്ട ആളുകളെ ഉദ്യോഗത്തിൽ നിയമിക്കുമ്പോൾ അധഃകൃതക്കുള്ള പങ്കിൽ കുറയ്ക്കുകയാണെന്നാണ്. അതുകൊണ്ട് ഈ പ്രമേയം സ്വീകരിച്ചിരിക്കുന്ന നിലക്ക് ഞാൻ ഇതിവിടെ പ്രസ്സ് ചെയ്യണമെന്നുദ്ദേശിക്കുന്നില്ല.

Resolution, by leave, withdrawn

9. Need for changing the existing unwholesome method of police enquiry

മിസ്റ്റർ എം. ഐ. പോൾ: സർ, ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നതിനുമുമ്പ് മിസ്റ്റർ ഡെപ്യൂട്ടി പ്രസിഡണ്ടിന്റെ അനുമതിയോടുകൂടിതന്നെ പ്രമേയത്തിലുള്ള അക്ഷരതെറ്റിനെ നീക്കി അതിവിടെ വായിക്കാമെന്നുദ്ദേശിക്കുന്നു.

"This Council recommends to Government that any enquiry by the police on any Complaint aganist the police should not be done independently and that the complaint or the petitioner should be given an opportunity to substantiate his allegations by himself." ഈ പ്രമേയം ഞാനിവിടെ അവതരിപ്പിക്കുവാനുദ്ദേശിച്ചതു് ഇതിനെ സംബന്ധിച്ച് പല കാര്യങ്ങളും ഉള്ളതുകൊണ്ടാണ്. ഈ കഴിഞ്ഞ നിയമസഭയിൽ പൊല്ലീസ്സുദ്യോഗസ്ഥന്മാരുടെ ചില അക്രമപ്രവൃത്തികളെ സംബന്ധിച്ച് ഏതാനും ചോദ്യങ്ങൾക്ക് ഗവണ്മെണ്ടുഭാഗത്തുനിന്ന് "ആക്ഷേപങ്ങളെപ്പറ്റി അന്വേഷണം നടത്തിയതിൽ, സംഗതികൾ അവാസ്തവമാണെന്നും, ന്യായരഹിതമാണെന്നും, അസാധുവാണെന്നും, അടിസ്ഥാനരഹിതമാണെന്നും മറുമുള്ള മറുപടികൾ പറഞ്ഞുകേട്ടപ്പോൾ, പിന്നെയും അതുകളെ സംബന്ധിച്ച് അനുദ്യോഗസ്ഥമെമ്പർമാരിൽനിന്ന് ഉപചോദ്യങ്ങളുണ്ടാകുകയും ഗവണ്മെണ്ടുഭാഗത്തുനിന്ന് അതേ മറുപടിതന്നെ വീണ്ടും തുടർന്നു പറയുകയും ആണ് ചെയ്തത്. ഇങ്ങിനെയുള്ള ആവലാതികളെ മനസ്സിലാക്കിയ ദിവാൻ പ്രസിഡണ്ട്, ഇങ്ങിനെയുള്ള ആവലാതികളെ സംബന്ധിച്ച് വേണ്ടതായ തെളിവുകളെടുത്ത് അതിനു് ന്യായമായ നടപടികൾ മേലിൽ കൈക്കൊള്ളുന്നതാണെന്നു് പ്രസ്താവിച്ചതായി ഞാൻ ഓർക്കുന്നുണ്ട്. കൊച്ചീരാജ്യത്തിലൊട്ടാകെ പലവിധത്തിലുമുള്ള മർദ്ദനങ്ങൾ നടക്കുന്നുണ്ടെങ്കിലും, എന്റെ നാട്ടിൽ എനിക്ക് ബോദ്ധ്യപ്പെട്ടതുള്ള ഇത്തരം സംഗതികൾ നടക്കുമ്പോൾ അതിനെപ്പറ്റി ചോദ്യംചെയ്യാതിരിപ്പാൻ നിവൃത്തിയില്ല. കഴിഞ്ഞ കൌൺസിലിൽതന്നെ മിസ്റ്റർ ബാലകൃഷ്ണമേനോൻ ലൈബ്രറി & കറപ്പ് ഷനെപ്പറ്റിയുള്ള ഒരു പ്രമേയം അവതരിപ്പിച്ചപ്പോൾ, എന്റെ അഭിപ്രായം പ്രകടിപ്പിച്ച കൂട്ടത്തിൽ, ഞാറക്കൽ S. B. Head Constable-നെ സംബന്ധിച്ച് നാട്ടിൽ പല ആവലാതികളുണ്ടെന്നും, ആ സംഗതിയെ സംബന്ധിച്ച് ഗവണ്മെണ്ടിന്റെ അടുത്തു രേഖാമൂലം പരാതിപ്പെട്ടതിന്റെ ഫലമായി ഉണ്ടായ ഓർഡർ പ്രകാരം പൊല്ലീസ്സ് കമ്മീഷണർ അതിനു് വേണ്ടതായ നടപടി എടുത്തിട്ടുപോലും യാതൊരു തിരുമാനവുമില്ലെന്നും കണ്ടപ്പോഴാണ് ഞാൻ ആ സംഗതിയെ സംബന്ധിച്ച് ഈ കൌൺസിലിൽ പറയുവാനിടയായതു്. എന്നാൽ ഗവണ്മെണ്ടു് സിക്രട്ടറി അതിനെ സംബന്ധിച്ച് വളരെ ശാന്തമായിട്ടുള്ള ഒരു മറുപടി തരികയും ചെയ്തു. അദ്ദേഹത്തിന്റെ മറുപടിയിൽ ഇങ്ങിനെയുള്ള ആവലാതികൾ വരുമ്പോൾ, വേണ്ടവിധത്തിൽ അന്വേഷണം നടത്തി അതിനുവേണ്ട നിവാരണമുണ്ടാക്കികൊള്ളാമെന്നു് ഉറപ്പു തരികയും ചെയ്തു. എന്നാൽ അതിനുശേഷം യാതൊരു നിവാരണവും ഉണ്ടാകാതിരുന്നതുകൊണ്ടു് വീണ്ടും രേഖാമൂലം പ്രവൃത്തിക്കണമെന്നുദ്ദേശിച്ചു് ഫറവറ മിഥുനം ൨൯-൦൩- ൽ ഒരു പെറ്റീഷൻ ദിവാൻ സിക്രട്ടറിക്ക് കൊടുത്തു. ഉദ്ദേശം രണ്ടു മാസം കഴിഞ്ഞപ്പോൾ ഡിവിഷൻ ഇൻസ്പെക്ടർ, പെറ്റീഷനിൽ പറഞ്ഞിരിക്കുന്ന സംഗതികൾ തെളിയിക്കുവാൻവേണ്ടി സാക്ഷികളുടെ ഒരു ലിസ്റ്റ് എന്നോടു് ആവശ്യപ്പെട്ടു. ഞാൻ അദ്ദേഹത്തോടു പറഞ്ഞു, "എന്റെ അനുഭവത്തിൽ പൊല്ലീസ്സ് ഉദ്യോഗസ്ഥന്റെ പേരിൽ എന്തെങ്കിലും ആവലാതികൾ കൊടുത്താൽ അതിനെപ്പറ്റി അന്വേഷണം നടത്തുന്നതു് പൊല്ലീസ്സുകാർ തന്നെയാണ്. കൂടാതെ ഇങ്ങിനെയുള്ള കാര്യങ്ങളിൽ സാക്ഷികളെ കൊടുത്തിട്ടുണ്ടെങ്കിൽ ആ സാക്ഷികളെ അവർ പൊല്ലീസ്സുസ്റ്റേഷനിൽ വരുത്തികണ്ണുമിഴിച്ചു കാണിച്ചും ഭയപ്പെടുത്തിയും അവർക്ക് ആവശ്യമുള്ള മൊഴി അഥവാ സ്റ്റെയിറ്റുമെൻറ് എടുത്തു് റിപ്പോർട്ട് ഗവണ്മെണ്ടിലേക്കയച്ചാൽ അതനുസരിച്ചുള്ള ഒരു തിരുമാനം മാത്രമേ ഉണ്ടാകുകയുള്ളു. അങ്ങിനെയുള്ള തീരുമാനങ്ങളുടെ ഫലമായിട്ടാണ് ഗവണ്മെണ്ടു് ഒരു രീതിയിലുള്ള മറുപടികൾ കൌൺസിലിൽ പറയുവാൻ ഇടയായതു്" എന്നു്. സാധാരണ കിട്ടുന്ന മറുപടി ഇങ്ങിനെയാണ്

LIBRARY ARCHIVES Kerala Legislative Assembly

"The petition has been enquired into and the matter has been found to be baseless, groundless, untrue and false, etc. etc." ഇതെല്ലാം എത്ര കേട്ടുകഴിഞ്ഞിരിക്കുന്നു. ഞാൻ ഡിവിഷൻ ഇൻസ്പെക്ടരോട് പറഞ്ഞു "നിങ്ങൾ ഇതിനെപ്പറ്റി അന്വേഷിക്കുന്നുണ്ടെങ്കിൽ, ഞാൻ തരുന്ന സാക്ഷികളുടെ തെളിവെടുക്കുമ്പോൾ എന്റെ സാന്നിദ്ധ്യവുംകൂടിയുണ്ടായിരിക്കണമെന്നു". എന്നാൽ അദ്ദേഹം അതു നിരോധിക്കുകയാണു ഉണ്ടായതു. കാരണം സാധാരണ സാക്ഷികളെ പൊല്ലീസ്സു സ്റ്റേഷനിൽ വരുത്തി പൊല്ലീസ്സിന്റെ ഇഷ്ടാനുസരണമുള്ള മൊഴി കൊടുത്തില്ലെങ്കിൽ അവരെ അടിക്കുക, ലീഷിണിപ്പെടുത്തുക മുതലായതു ചെയ്യുമെന്നുള്ളതു എനിക്കറിയാവുന്നകൊണ്ടാണു ഡിവിഷൻ ഇൻസ്പെക്ടരോട് സാക്ഷികളുടെ ലീസ്സു തരികയില്ലെന്നു പറഞ്ഞതു. അദ്ദേഹം ഈ വിവരം ഡിപ്പാർട്ടുമെണ്ടിലേക്കു എഴുതി കുറെ ദിവസങ്ങൾ കഴിഞ്ഞതിന്നു ശേഷം, അതായതു ഫൻർന്നു ഒക്ടോബർ ഫന്നു-ാംനു- ഡെപ്യൂട്ടി കമ്മീഷണർ എനിക്കു ഒരു ലെട്ടർ അയച്ചു. "മിസ്റ്റർ പോളിന്റെ ആവശ്യപ്രകാരം നിങ്ങളുടെ സാന്നിദ്ധ്യത്തിൽ വെച്ചു അന്വേഷിക്കുവാൻ, നിയമപ്രകാരം നിവൃത്തിയില്ലെന്നും, അതനുസരിച്ചു പോളിന്റെ സാന്നിദ്ധ്യം അവിടെ ആവശ്യമില്ലെന്നും, ഇതിനെ സംബന്ധിച്ചുള്ള സാക്ഷികളുടെ ഒരു ലീസ്റ്റു മുന്നു ദിവസത്തിന്നകം എത്തിച്ചു തന്നിട്ടില്ലെങ്കിൽ, ഈ സംഗതി അന്വേഷിച്ചു തങ്ങളുടെ യുക്തംപോലെ തീരുമാനം ചെയ്യുമെന്നും" അദ്ദേഹത്തിന്റെ എഴുത്തിൽ പറഞ്ഞിരുന്നു. ആ ലെട്ടറിന്നു ഫ ഫ വ കന്നി ന ഫ-ാംനു- ഞാൻ അദ്ദേഹത്തിന്നു മറുപടി കൊടുത്തു. നിങ്ങളുടെ ഈ അഭിപ്രായത്തിൽ എനിക്കു യാതൊരു വിശ്വാസമില്ലെന്നും, അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ലെന്നും, എന്റെ അറിവുപ്രകാരമുള്ള കാര്യങ്ങൾ ഞാൻ ഇൻറിറിം ഗവർമ്മെണ്ടു ക്യാബിനറ്റിന്റെ മുമ്പാകെ രേഖാമൂലം എഴുന്നള്ളിക്കുന്നുണ്ടെന്നും, നിങ്ങളുടെ എഴുത്തിൽ സമയക്ലിപ്തം കാണിച്ചിട്ടുള്ളതു കടുപ്പമായി പോയെന്നും, മേലധികാരികളുടെ തീരുമാനം പോലെ ചെയ്യാമെന്നും ഞാൻ അദ്ദേഹത്തെ അറിയിക്കുകയുണ്ടായി. അതിന്നു ശേഷം ഫ ഫ വ തുലാം ഫ-ാംനു- ഞാൻ ഒരു എഴുത്തു ഈ പ്രോഴത്തെ ഗവർമ്മെണ്ടിലേക്കയച്ചു. അതിന്നും ഇതേവരെയും യാതൊരു മറുപടിയും ഉണ്ടായിട്ടില്ല. എന്നാൽ അതിന്നും യാതൊരു മറുപടിയും ഇല്ലാതായപ്പോൾ ഞാൻ ഇതിനെ സംബന്ധിച്ചു ചില ചോദ്യങ്ങൾ അയച്ചു. ഇതിനെ ആസ്പദിച്ചുള്ള ആ ചോദ്യങ്ങൾ, ചോദ്യോത്തരപുസ്തകത്തിൽ കാണുകയും, നിർഭാഗ്യവശാൽ ആ ചോദ്യം എടുക്കുന്നതിന്നു മുമ്പു സമയം കഴിയുകയും ചെയ്തു. എനിക്കു അതിനെപ്പറ്റി യാതൊന്നും ചോദിക്കുവാൻ സാധിച്ചിട്ടില്ല. ഇന്നത്തെ ചോദ്യത്തിലും Bribery and Corruption Enquiry യെ സംബന്ധിച്ചു ചില ചോദ്യങ്ങളുണ്ടായിരുന്നു. ഇങ്ങിനെയുള്ള സംഗതികളിൽ സാധുസാക്ഷികളെ പൊല്ലീസ്സുകാർ നേരിട്ടു വരുത്തി അവരുടെ ഇഷ്ടാനുസരണമുള്ള തെളിവുകൾ എടുക്കാറാണു പതിവു. ഈ സംഗതി എന്നെ ധരിപ്പിച്ചതു കാരണമാണു ഞാൻ ഇങ്ങിനെ ഒരു കടലാസ്സു കൊടുക്കുവാൻ ഇടവന്നതു.

ഇങ്ങിനെയുള്ള കാര്യങ്ങളിൽ ഇതേവരെ ഗവർമ്മെണ്ടു അനുവർത്തിച്ചിട്ടുള്ള നയം തീരെ തെറ്റാണെന്നു പറയാതെ നിവൃത്തിയില്ല. ആക്ഷേപം കൊടുത്താൽ അതു തെളിയിക്കേണ്ടുമതല ആക്ഷേപം കൊടുത്ത ആൾക്കാണു. ആക്ഷേപം കൊടുത്ത ആൾ അന്വേഷണസ്ഥലത്തു പാടില്ലെന്നു പറയുന്നതിന്റെ രഹസ്യമെന്താണെന്നു എനിക്കറിഞ്ഞുകൂടാ. പൊല്ലീസ്സിനെപ്പറ്റി രോക്ഷേപം കൊടുത്താൽ അതു പൊല്ലീസ്സിന്റെ ഇഷ്ടാനുസരണമുള്ള തെളിവെടുത്താണു അതിന്മേൽ നടപടി എടുക്കുന്നതു. അതു കൂടാതെ കഴിക്കുവാൻ വേണ്ടിയാണു ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നതു. പല അനുഭവങ്ങളും എനിക്കു ഇതിനെ സംബന്ധിച്ചുണ്ടായിട്ടുണ്ടു. പൊല്ലീസ്സിനെ സംബന്ധിക്കുന്ന ഇങ്ങിനെയുള്ള ആക്ഷേപങ്ങളെക്കുറിച്ചു പൊല്ലീസ്സുമുഖേന രഹസ്യമായി അന്വേഷണം നടത്തിയാൽ എങ്ങിനെയാണു യഥാർത്ഥം തെളിയുക? ഒരിക്കലും അതു തെളിയുവാൻ സാദ്ധ്യമല്ല. പ്രത്യേകിച്ചു തിരുവനന്തപുരം കൊച്ചിയിൽനടപ്പാക്കിയിട്ടുള്ള ഇക്കാലത്തു, നമ്മുടെ ബഃ മന്ത്രിമാർ ഗവർമ്മെണ്ടിന്റെ തിരുനെക്കടത്തിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥിതിക്കു ഇതുവരെ നാം അനുഭവിച്ചു പോന്നിട്ടുള്ള അസ്വാതന്ത്ര്യങ്ങളെല്ലാം ഇല്ലാതാക്കി തീർക്കേണ്ടതാണു.

മിസ്റ്റർ ജോസ് കെ. വർഗീസ്: മറുപടി ഇല്ലായ്മയും.

മിസ്റ്റർ എം. ഐ. പോൾ: മേലിലെങ്കിലും സാധുക്കളുടെ ആവലാതികൾ കേട്ടു തീരുമാനിക്കുവാനുള്ള ഒരു സന്ദർഭം അവർക്കു കൊടുക്കണമെന്നാണു ഞാൻ ഈ പ്രമേയം കൊണ്ടു ഉദ്ദേശിക്കുന്നതു. ഇന്നു ചോദ്യോത്തര സമയത്തു കറപ്ട്ടൻ എൻകൃയറിക്കമ്മീഷനിയെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് ചില ഉത്തരങ്ങൾ പറയുകയുണ്ടായി. ഗവൺമെണ്ട് ഭാഗത്തുനിന്ന പൊല്ലീസ്സ് അധികാരികളുടെ മേൽ ഉണ്ടായിട്ടുള്ള ആവക ആവലാതികൾ പഴഞ്ചരക്കുകളാണ്", പഴയ സംഗതികളാണ് എന്നെല്ലാം ഇവിടെ പറയുകയുണ്ടായി. പക്ഷെ ഞാൻ പറയുന്നത് പഴഞ്ചരക്കല്ല, പുതിയ ചരക്ക തന്നെയാണ് എന്നാണ്. അതിനുള്ള കടലാസ്സുകളും ഗവൺമെണ്ട മുമ്പാകെ വന്നിട്ടുണ്ട്. ഇപ്പോഴും അനുഭവത്തിൽ അറിയാൻ കഴിഞ്ഞിട്ടുണ്ട്. അന്തിക്കാട്ട ചാമ്പിയൻ ഇപ്പോഴും പൊറായിയിലെ ചാമ്പിയനായി തിന്നിട്ടുണ്ട്. അതു വഴിയെ പൊതുജനങ്ങൾക്ക അറിയാവുന്നതാണ്.

മിസ്റ്റർ കെ. ഐ. വേലായുധൻ : ആരാണ് ആ ചാമ്പിയൻ?

മിസ്റ്റർ എം. ഐ. പോൾ : കാലത്തു ചോദ്യോത്തര സമയത്തു് ഇൻസ്പെക്ടർ മിസ്റ്റർ റാഫേൽ എന്നു പറഞ്ഞ ആളാണ്. ഞാൻ വ്യക്തിപരമായി ആരെക്കുറിച്ചും ഒന്നും പറയുന്നില്ല. യഥാർത്ഥം ഈ കൌൺസിലിനെ മനസ്സിലാക്കേണ്ട ആവശ്യമുണ്ട്. ഞാൻ ആ കരയിൽ താമസിക്കുന്ന ആളായതുകൊണ്ടാണ് ഇതു പറയുന്നതു്.

മിസ്റ്റർ എം. ഐ. പോൾ : ചാമ്പയിൻ എന്നു പറഞ്ഞാൽ ധീരൻ എന്നാണ്.

മിസ്റ്റർ ജോസ് കെ. വർഗീസ്സ് : എന്തു ധീരനാണ്?

മിസ്റ്റർ എം. ഐ. പോൾ : അതു അന്വേഷണത്തിൽ അറിയാം. ഈ സമയത്തു് മഹാനായ സീസറിന്റെ ഒരു വാക്യം എന്റെ ഓർമ്മയിൽ വരുന്നു. "Unless there is an equitable adjustment in a state of rights offices and functions, so that the executive may have sufficient powers, the Senete sufficient authority and the people sufficient liberty, the frame work of Government connot remain stable and free from violent changes". ഒരു ഭരണകൂടത്തിന്റെ പ്രവർത്തനത്തിൽ അധികാരികൾക്കു വേണ്ടതായിട്ടുള്ള അധികാരങ്ങളും സ്വാതന്ത്ര്യവും ജനങ്ങൾക്കു കൊടുക്കാതിരുന്നാൽ ആ ഭരണകൂടം ശരിയായി നടക്കുകയില്ലെന്നും നേരെ മറിച്ച് അക്രമപരമായ വ്യത്യാസങ്ങൾകൊണ്ടു് അതു വ്യതിചലിക്കുമെന്നും ഗവൺമെണ്ടിനു പലവിധത്തിലുള്ള വിഷമതകൾ ഉണ്ടാകുമെന്നുമാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. അങ്ങിനെ വെച്ചുനോക്കുമ്പോൾ നമ്മുടെ മന്ത്രിമാർ ഉൾക്കൊള്ളുന്ന ഗവൺമെണ്ടു് ഇങ്ങിനെയുള്ള കാര്യങ്ങളിൽ പ്രത്യേകിച്ചും ദൃഷ്ടിവെച്ച് പൊല്ലീസ്സ് അധികാരികളുടെ നേരെ എതെങ്കിലും ഒരു സാധുവൊ മറ്റൊ ആവലാതി കൊടുത്താൽ ആ ആവലാതി തെളിയിക്കേണ്ടുചുമതല ആ ആവലാതിക്കാരനു കൊടുക്കണം. അതുകൊണ്ട് ആവലാതിക്കാരൻ അന്വേഷണ സമയത്തു പാടില്ലെന്നുള്ളതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. ഇങ്ങിനെ അന്വേഷണം നടത്തേണ്ട പല സംഭവങ്ങളും നമ്മുടെ നാട്ടിൽ ധാരാളം കണ്ടേക്കാം. ആവലാതിക്കാരനെ കൂടാതെയുള്ള അന്വേഷണം മേലിൽ തുടരാതിരിക്കുവാനാണ് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നതു്. ഇത്തരത്തിൽ പൊല്ലീസ്സിന്റെ അക്രമം വർദ്ധിപ്പിക്കുവാൻ ഗവർമ്മെണ്ടു അനുവദിക്കുകയും അതിനു വഴിയിട്ടു കൊടുക്കുകയും അവരുടെ അക്രമങ്ങൾക്കു ഗവൺമെണ്ടുതന്നെ സഹായമായി നിൽക്കുവാൻ മുതിരുകയും ചെയ്യുന്ന പക്ഷം ഈവക അനിഷ്ട സംഭവങ്ങളും വർദ്ധിക്കുമെന്നതിനു പറയേണ്ടിയിരിക്കുന്നു. ഇന്നു പൊല്ലീസ്സിന്റെ അക്രമങ്ങൾ അത്രമാത്രമുണ്ട്. ജനകീയ മന്ത്രിമാർ അവിടെയിരിക്കുന്ന കാലത്തോളം ജനങ്ങൾക്കു ശക്തി വർദ്ധിച്ചിരിക്കുന്ന ഈ കാലത്തു് പൊല്ലീസ്സിന്റെ അക്രമം ഇന്നു സഹിച്ചവർ നാളെ സഹിച്ചില്ലെന്നു വരാം. പ്രത്യേകിച്ചും അങ്ങിനെയുള്ള അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാനാണ് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നതു്. അക്രമരാഹിത്യത്തിൽ അച്ചടക്കത്തോടുകൂടി എന്നെ അടിച്ചാൽ ഞാൻ അടികൊള്ളുമായിരിക്കാം. ആ നയം സകല ജനങ്ങളും ഒന്നുപോലെ അനുവർത്തിച്ചു എന്നു വരുകയില്ല. അതുകൊണ്ടു ഈ പ്രമേയം എല്ലാവരും പിന്താങ്ങുമെന്ന വിശ്വാസത്തോടുകൂടി ഞാനിവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

Mr. M. K. Raja *(Mulakunnathukavu)*: I fully support this resolution. In doing so I believe that even without associating myself with the particular instance adverted to by the Hon'ble Member I can very well give support to the principle which he has enunciated in the resolution. That is a very important principle, a primary principle of investigation of any case placed before a Police Officer. It was news to me to hear that in Departmental inquiries of

LIBRARY ARCHIVES Kerala Legislative Assembly

this sort the petitioner who put in the complaint and who might be expected to have his own version of the matter is not allowed to be present at the time of investigation. His presence certainly would aid in enhancing the justice or the fairness of the conclusion arrived at by the investigating Officer. I, therefore think that even without disturbing the morale of the police forces in departmental inquiries of this sort no great harm can possibly be done by giving an opportunity to the petitioner or complainant, to place his version of the matterr before the Investigating Officer and to be present when evidence is taken, I, therefore support the resolution moved by my Hon'ble friend.

Mr. B. V. K. Menon *(Secretary to Government)*: Sir, with regard to the principle underlying the resolution that a complainant giving a complaint against any member of the police forces should be given an opportunity to substantiate his allegations. As a matter of fact, in the discussions that in one or two instances it was alluded that complainants in certain cases were not given an opportunity to explain what their complaints were, even any statement was not taken. That was I am speaking subject of course, that is my recollection that what my friend doubtfully has alluded to some allegation and in one or two other cases which took place in Cochin and the Island. I even then expressed my surprise that it should have been so and instructions were issued to the po ice that such state of affairs should not be allowed to continue and that very detailed inquiries should be done with regard to the allegations aga inst the members of the police forces. I have also stated that Government are watching these inquiries with the minutest care. We are as a matter of fact getting down the full records of the inquiry and are not satisfied with the final report of the investigating Officer. So much so, there is absolutely not the slightest intention to the Government that inquiries against the police forces should not be done vigorously, honestly and scrupulously. But now in the present case the Hon'ble mover of the resolution alluded to one specific instance in which he seems to have some information. The only doubt about it was that there is absolutely any denial that he was allowed to abuse the evidence to prove the allegation. The only question was whether he should be allowed to be present when the witnesses were examined by a competent officer. In that case, the allegation was against the Head Constable and the inquiry has to be done personally by the Deputy Commissioner of Police. The Hon'ble mover himself said that the Deputy Commissioner personally wrote to him to mention which witness he would like to exmaine of their being not given an occasion to prove their case. The only question was that the Deputy Commissioner did not allow the Hon'ble mover of this resolution to be present and he insists that he should be present in a capacity he is represented whether he is an advocate or a power holder, whatever it is not known. According to the police they fear that all the reasons insiting his presence there might be the reasons or might be the arguments of the person against whom these allegations are made. They would colour the evidence. Here is a very responsible officer of the police forces not the Inspector or Head Constable but the Deputy Commissioner himself comes personally to inquire about it beyond. Police did not at all think that there will not be justice. As a matter of fact they thought the inquiry would be impartially effected if the evidence was taken without the presence of the complainant or accused. On the other hand he would examine the witnesses on both the sides and would come to an impartial conclusion as to whether the allegations were true or not. I have for a moment not believed that the Deputy Commissioner who investigated the matter has only sent away the Head Constable. Whatever that be, we are as the Hon'ble mover himself said on the representation made by him, we have asked the police whether there is any specific objection turning in this particular matter for the complainant to be present and we are awaiting the report and further consideration on that. But I cannot imagine any other objection than that to which I have already adverted to. The objection that the police may take is that for an impartial consideration it is better both the complainant and the accused are not there when the witnesses are examined on both sides. In this particulrr case I can also say that if it is an open enquiry that is wanted there was nothing prohibiting the complainant or the mover to give this complaint to the special tribunal that has been established here. In departmental enquiries we have mainly to see whether *prima facie* case has been made out and the police think that to come at the true conclusion, the enquiry should be thoroughly impartial. In this particular case I do not at all believe that justice would not have been done if the Deputy Commissioner examined the witness without the complainant.

Mr. Parambi Lonappen *(Irijalakkuda)*: On a point of information, Sir, will the Hon'ble Secretary be pleased to elucidate whether the Government have any objection for the presence of the complainant at the inquiry. It is not the informant. Informant is different

LIBRARY ARCHIVES Kerala Legislative Assembly

from the complainant. Is there any objection for the Government for the presence of the person who has got a complaint when an enquiry is conducted against the police ?

Mr. B. V. K. Menon *(Secretary to Government)*: In this particular case I am afraid it is a case of informant. The resolution is like that. I said with regard to that that the matter is awaiting further consideration. The position at present is that the police think that the evidence against them will be coloured if the complainant or the accused is present at the time of the investigation. The Police would be taking whatever evidence they want if the informant of the complainant waa not present.

Mr. M. K. Raja *(Mulakunnathukavu)*: On a point of information, Sir, may I know whether the rules regarding the Departmental enquiry are uniform in all departments or is it a special rule so far as the Police Department is concerned?

Mr. B. V. K. Menon *(Secretary to Government)*: I can't say with authority at the moment. I would like to have notice.

Mr. Paramel Ipe Ipe *(Kunnamkulam)*: May I know whether there are any specific rules for the Departmental enquiry?

Mr. B. V. K. Menon *(Secretary to Government)*: There is provision in the Police Manual.

മിസ്റ്റർ എം. ഐ. പോൾ: ഗവൺമെണ്ടു സിക്രട്ടറിയുടെ മറുപടി ആശാസ്യകരമാണെങ്കിലും അതിൽ ഉറച്ചു വിശ്വാസം എനിക്കില്ല. എന്റെ അനുഭവങ്ങൾതന്നെ ധാരാളമുണ്ടു്. ഇതു് കുറെക്കൂടി കാര്യമായി അന്വേഷിക്കുന്നതാണെന്നു പറഞ്ഞതുകൊണ്ടും, ഇന്നത്തെ ഭരണകൂടത്തിൽ നമ്മുടെ മന്ത്രിമാരുള്ളതുകൊണ്ടും, മേലിലെങ്കിലും ഞാൻ ഈ പ്രമേയം കൊണ്ടുവരുമ്പോഴുള്ള ന്യായബോധം അവർക്കുണ്ടാകുമെന്ന പരമബോധ്യം എനിക്കുള്ളതുകൊണ്ടും, അവർ അതനുസരിച്ചു പ്രവർത്തിക്കുമെന്നു എനിക്കു വിശ്വാസമുള്ളതുകൊണ്ടും, അടുത്തതന്നെ അതു് അനുഭവത്തിൽ കാണുവാൻ ഇടവരുമെന്നു ഞാൻ വിചാരിക്കുന്നതുകൊണ്ടും, പരിപൂർണ്ണ ഉത്തരവാദിത്വഭരണം അടുത്തുതന്നെ കിട്ടുമെന്നു് നമ്മുടെ ബഹുമാനപ്പെട്ട ഒരു മന്ത്രി ഇവിടെ പ്രസ്താവിച്ചതുകൊണ്ടും, (ചിരി) അധികം താമസിയാതെ അതു സാധിക്കുമെന്നു എനിക്കു വിശ്വാസമുള്ളതുകൊണ്ടും ഞാൻ തല്ക്കാലം ഈ പ്രമേയം പ്രസ്സു് ചെയ്യണമെന്നു വിചാരിക്കുന്നില്ല. അതോടുകൂടി ഞാൻ ഇതിൽ ഉദ്ദേശിച്ചിട്ടുള്ള കാര്യം ഉടനെ നടപ്പിലാക്കണമെന്നും അപേക്ഷിക്കയും ചെയ്തുകൊള്ളുന്നു.

Resolution, by leave, withdrawn

10. Committee for a three-year plan of Medical Relief

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: "നാട്ടുംപുറങ്ങളിൽ ആവശ്യമായിട്ടുള്ള വൈദ്യസഹായം എവിടേയും സുലഭമായി കിട്ടുന്നതിനുവേണ്ടി അലോപ്പതിയും ആയുർവ്വേദവും ആയ വൈദ്യസ്ഥാപനങ്ങൾ മൂന്നു വർഷക്കാലംകൊണ്ടു സ്ഥാപിച്ചു കൊടുക്കത്തക്കവണ്ണം ഒരു കമ്മിറ്റിയെച്ചു ഒരു പദ്ധതി ആസൂത്രണം ചെയ്യണമെന്നു് ഈ സഭ ബഹുമാനപ്പെട്ട ഗവൺമെണ്ടിനോടു് ശുപാർശ ചെയ്യുന്നു". സർ, ഈ പ്രമേയത്തിനു് ഇവിടെ വലിയ വാദപ്രതിവാദമൊന്നും ഉണ്ടാകുമെന്നു തോന്നുന്നില്ല. നഗരങ്ങളെ അപേക്ഷിച്ചു നാട്ടുംപുറങ്ങളിൽ വൈദ്യസഹായം സുലഭമായും തൃപ്തികരമായും ലഭിക്കുന്നില്ലെന്നുള്ളതു് സാവൃത്രികമായ ഒരു പരാതിമാത്രമാണു്. നിയമസഭാ സാമാജികന്മാരുടേയൊ നാട്ടുപ്രമാണികളുടേയൊ സ്വാധീനശക്തികൊണ്ടു് മാത്രമാണു് പലസ്ഥലങ്ങളിലും ഈ വൈദ്യസഹായസ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുള്ളതെന്നു പറയുമ്പോൾ നമ്മുടെ ഗവൺമെണ്ടിന്നു ഈ വിഷയത്തിൽ യാതൊരു വിധത്തിലുള്ള വ്യക്തമായ പദ്ധതിയും ഉള്ളതായി കാണുന്നില്ല. തൽമൂലം താരതമ്യേന ആവശ്യം കുറഞ്ഞ ഒരു സ്ഥലത്തു് വൈദ്യസഹായം കൂടുതലായി ഉണ്ടാകുന്നു. മറ്റു ചില സ്ഥലങ്ങളിൽ ഒന്നോ രണ്ടോ സ്ഥാപനങ്ങൾ ഉണ്ടായെന്നുംവരാം. ഏറ്റവും അത്യന്താപേക്ഷിതമായ ചില സ്ഥലങ്ങളിൽ അവിടത്തെ നാട്ടുപ്രമാണികളുടേയും നാട്ടുകാരുടെയും ശരിയായ നിവേദനങ്ങൾ ഇല്ലാത്തതുകൊണ്ടു് ഒരു വൈദ്യസ്ഥാപനവും ഇല്ലാതേയും വരുന്നു. അതുകൊണ്ടു് രാജ്യം ഒട്ടാകെ ഒരു സർവ്വെ നടത്തി ഓരോ വില്ലേജിന്റേയും ആവശ്യങ്ങളെ ഗ്രഹിച്ചു അലോപ്പതി വേണ്ടസ്ഥലത്തു അലോപ്പതിയും ആയുർവ്വേദം വേണ്ടസ്ഥലത്തു ആയുർവ്വേദവും ആയ സ്ഥാപനങ്ങൾ ഏർപ്പെടുത്തുവാനുള്ള ഒരു പദ്ധതി സ്വീകരിച്ചു മൂന്നുകൊല്ലംകൊണ്ടു് ആ വക സ്ഥാപനങ്ങളുടെ ആവശ്യം പൂർത്തിയാക്കണമെന്ന ണു് ഞാൻ ഈ പ്രമേയംകൊണ്ടുദ്ദേശിക്കുന്നതു്. റോഡു ബോർഡു കമ്മിറ്റിപോലെയുള്ള ഒരു കമ്മിറ്റികൊണ്ടു് മാത്രമെ ഇക്കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly